# MADHYAMAM

**Kerala wins Outlook Traveller Award**

**Date :** 26.2.2020 **| Edition : All Kerala | Page :** 9 **| Clip size (cm) : W:** 9 **H:** 9


---

## മികച്ച സൗഖ്യ ലക്ഷ്യസ്ഥാനത്തിനുള്ള ഔട്ട്ലുക്ക് ട്രാവലർ പുരസ്കാരം കേരളത്തിന്

**തിരുവനന്തപുരം:** ഇക്കൊല്ലത്തെ മികച്ച സൗഖ്യ ലക്ഷ്യസ്ഥാനത്തിന് ടൂറിസം മാസികയായ ഔട്ട്ലുക്ക് ട്രാവലർ ഏർപ്പെടുത്തിയ പുരസ്കാരം കേരളത്തിന് ലഭിച്ചു. കേരളത്തിന്റെ ആയുർവേദ ചികിത്സക്കും മറ്റു പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾക്കും ലഭിച്ച അംഗീകാരമാണിത്.

മുൻ പാർലമെന്റംഗവും കോളമിസ്റ്റും എഴുത്തുകാരനുമായ ബൈജയന്ത് ജയ് പാണ്ഡ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു. ടൂറിസം ഇൻഫർമേഷൻ ഓഫിസർ പി.കെ. സൂരജ് പുരസ്കാരം ഏറ്റുവാങ്ങി.

പുരാണവും സംസ്കാരവും സാങ്കേതികവിദ്യയും സാഹസികതയുമെല്ലാം ചേർന്ന ലോകത്തിലെ ഏറ്റവും വലിയ പക്ഷിശിൽപമായ ജടായു എർത്ത് സെന്റർ, കൊച്ചി മുസിരിസ് ബിനാലെ എന്നിവ മികച്ച ടൂറിസ്റ്റ് ആകർഷണങ്ങളുടെ പട്ടികയിലും അന്തിമ പട്ടികയിൽ ഇടം നേടി. തേക്കടി നിരാമയാ റിട്രീറ്റ്സ് കാർഡമം ക്ലബ്, കുമരകം കോക്കനട് ലഗൂൺ എന്നിവയും അതത് വിഭാഗങ്ങളിൽ അവസാനവട്ട പരിഗണനക്കെത്തി.

ഇഷ്ടപ്പെട്ട ലക്ഷ്യസ്ഥാനമേതെന്ന് പുരസ്കാര ജേതാക്കളോട് അവതാരക ചോദിച്ചപ്പോൾ എല്ലാവരും കേരളമെന്ന മറുപടി നൽകിയതും ചടങ്ങിൽ കേരളത്തിന് ലഭിച്ച അംഗീകാരമായി.